പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 649

07.01.2014 ൽ
മറുപടിയ്ക്ക്

## സ്റ്റാർട്ട് അപ് വില്ലേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ.എ. റ്റി. ജോർജ്:<br>ശ്രീ. വി. ഡി. സതീശൻ;<br>ശ്രീ. ജോസഫ് വാഴക്കൻ: | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ സ്റ്റാർട്ട് അപ് വില്ലേജിന് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;<br><br>ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദാംശങ്ങൾ നൽകുമോ ;<br><br>സി) എന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് ഇതിൽ ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;<br><br>ഡി) എന്തെല്ലാം സഹായങ്ങളാണ് ഇതിനുവേണ്ടി കെ.എസ്. ഐ.ഡി.സി. നൽകുന്നത് ; വിശദാംശങ്ങൾ നൽകുമോ? | (എ) യും (ബി) യും (സി) യും (ഡി) യും<br><br>സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ സ്റ്റാർട്ട് അപ് വില്ലേജിന് രൂപം നൽകിയിട്ടില്ല.<br><br>എന്നാൽ തിരുവനന്തപുരം ടെക്നോപാർക്കിൽ കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ സഹായത്തോടെ ഒരു ടെക്നോളജി ബിസിനസ് ഇൻക്യുബേറ്റർ പ്രവർത്തിക്കുന്നുണ്ട്. ടെക്നോപാർക്കിലെ ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററിൽ ഇൻക്യുബേറ്റ് ചെയ്യപ്പെട്ട ഒരു കമ്പനിയാണ് മോബ് മി വയർലെസ്. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ സഹായത്തോടെ പൊതു സ്വകാര്യ പങ്കാളിത്ത മോഡലിൽ പ്രസ്തുത കമ്പനി കളമശ്ശേരിയിലുള്ള കിൻഫ്ര ഹൈടെക് പാർക്കിൽ സ്റ്റാർട്ട് അപ്പ് വില്ലേജ് എന്ന പേരിൽ ഒരു TBIC 2012 മാർച്ചിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. തുടക്കത്തിൽ 5000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ആരംഭിച്ച ഈ പദ്ധതി 10000 ചതുരശ്ര അടിയിലേക്ക് കൂടി കിൻഫ്ര വ്യാപിപ്പിച്ചിട്ടുണ്ട്. ഇതു പൂർത്തിയാവുന്നതോടെ 35 ഓളം കമ്പനികളെ ഇൻക്യുബേറ്റ് ചെയ്യുവാൻ കഴിയും. ഒരു ലക്ഷം ചതുരശ്ര അടിയുടെ ഒരു കെട്ടിടം കൂടി ഈ ഇൻക്യുബേറ്ററിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനായി പണി തുടങ്ങി കഴിഞ്ഞിട്ടുണ്ട്. അടുത്ത 10 വർഷത്തോടെ 10000 ഉല്പന്നങ്ങളുടെ സ്റ്റാർട്ട് അപ്പ് കമ്പനികളാണ് സംരംഭകർ ലക്ഷ്യമിടുന്നത്.<br><br>യുവാക്കളിൽ ബിസിനസ്സ് സംരംഭം വളർത്തുന്നതിനാം |

അവരുടെ സർഗ്ഗാത്മകമായ കഴിവുകളും സാങ്കേതിക പരിജ്ഞാനവും പരമാവധി പ്രയോജനപ്പെടുത്തി അവ പൂർണ്ണമായും വികസിപ്പിച്ചെടുത്ത് ടെലികമ്മ്യൂണിക്കേഷൻ അനുബന്ധ മേഖലകളുടെ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കുക എന്നതാണ് സ്റ്റാർട്ടപ്പ് വില്ലേജ് എന്ന TBIC മുഖേന ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിയിൽ വിദ്യാർത്ഥികൾ തന്നെ അംബാസിഡർമാരായി മാറുകയും അവരുടെ സാങ്കേതിക വൈദഗ്ധ്യം പൂർണ്ണമായും പ്രയോജനപ്പെടുത്തിക്കൊണ്ട് ടെലികമ്മ്യൂണിക്കേഷൻ, ഐ.ടി./ഐ.ടി.ഇ.എസ് മേഖലയിൽ വിവിധ ഉല്പന്നങ്ങൾ വികസിപ്പിച്ചെടുത്ത് മാർക്കറ്റ് ചെയ്യുന്നതിനും സ്റ്റാർട്ട് അപ്പ് വില്ലേജ് വിഭാവനം ചെയ്യുന്നുണ്ട്. സംരംഭകർക്ക് ആശയങ്ങൾ വികസിപ്പിക്കുന്നതോടൊപ്പം അവരുടെ മേഖലകളിൽ അഗ്രഗണ്യൻമാരായ വ്യവസായ പ്രമുഖരിലൂടെ മെന്ററിങ്ങ് സൗകര്യവും നെറ്റ് വർക്കിങ് അവസരങ്ങൾക്കും സാഹചര്യം ഒരുക്കുന്നു.

സ്റ്റുഡന്റ് ഇന്റർപ്രണർഷിപ്പ് പോളിസി പ്രകാരം നൂതന സംരംഭം തുടങ്ങുന്ന ടെക്നിക്കൽ/ മാനേജ്മെന്റ് വിദ്യാർത്ഥികൾക്ക് 4% വരെ മാർക്കും 20% വരെ ഹാജരും ലഭിക്കുന്നു. യുവാക്കളായ സംരംഭകർക്ക് അവരുടെ നൂതന ആശയങ്ങൾ വിപുലീകരിച്ച് അതിനെ വ്യവസായ വത്കരിക്കുന്നതിനാവശ്യമായ സഹായം ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററിൽ ചെയ്തു കൊടുക്കുന്നു. സംരംഭകർക്ക് നിക്ഷേപകരെ കണ്ടു പിടിക്കുന്നതിനും ഏയ്ഞ്ചൽ ഫണ്ടിങ്, സീഡ് ഫണ്ടിങ്, വെഞ്ച്വർ ക്യാപിറ്റൽ തുടങ്ങിയ ഉറവിടങ്ങളിലൂടെ ധനസഹായം ലഭ്യമാക്കുന്നതിനും സ്റ്റാർട്ടപ്പ് വില്ലേജ് അവസരമൊരുക്കുന്നു. യുവാക്കൾക്ക് ചർച്ചകളും ഗവേഷണവും നടത്തുന്നതിന് കോൺഫറൻസ് ഹാൾ, ലാബ് സൗകര്യങ്ങൾ എന്നിവ ഒരുക്കിക്കൊടുത്തിരിക്കുന്നു. കൂടാതെ അവർക്ക് വിദഗ്ദരായ ആളുകളുടെ പലതരം സഹായവും ലഭ്യമാക്കുന്നു. സ്റ്റാർട്ട് അപ്പ് വില്ലേജിനെ സമീപിക്കുന്ന യുവാക്കളായ സംരംഭകർക്ക് കമ്പനികൾ രജിസ്റ്റർ ചെയ്യുന്നതിനും, മറ്റ് അക്കൗണ്ടിങ്, നിയമ സേവനങ്ങൾക്കും സ്റ്റാർട്ട് അപ്പ് വില്ലേജിൽ എംപാനൽഡ് ആയിട്ടുള്ള സേവന ദാതാക്കളുടെ സേവനം ലഭ്യമാകുന്നുണ്ട്. ഇത്തരം സേവനങ്ങൾ ടെക്നോപാർക്ക് TBIC-യിലും ലഭ്യമാണ്.

കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ധന

സഹായത്തോടെ നിലവിൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ്, ടെക്നോപാർക്ക്, കൊല്ലം അമൃത എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കൊച്ചി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി എന്നീ സ്ഥാപനങ്ങളിൽ ടെക്നോളജി ബിസിനസ്സ് ഇൻക്യുബേറ്ററുകൾ അതാത് സ്ഥാപനങ്ങൾ മുൻകൈയെടുത്ത് തുടങ്ങി പ്രവർത്തിച്ചുവരുന്നുണ്ട്.

സ്റ്റാർട്ട് അപ്പ് വില്ലേജ് എന്ന TBIC യുടെ വിജയകരമായ പ്രവർത്തനം മറ്റ് സാങ്കേതിക മേഖലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് കളമശ്ശേരിയിൽ കിൻഫ്ര ഹൈടെക് പാർക്കിന്റെ 13.2 ഏക്കർ സ്ഥലത്ത് കേരള ടെക്നോളജി ഇന്നോവേഷൻ സോൺ സ്ഥാപിക്കുവാൻ തീരുമാനമായിട്ടുണ്ട്. ഈ സോണിൽ സ്റ്റാർട്ട് അപ്പ് വില്ലേജ് കൂടാതെ ഇലക്ട്രോണിക്സ്, നാനോ ടെക്നോളജി, ആനിമേഷൻ, ഗെയിമിംഗ് തുടങ്ങിയ മറ്റ് സാങ്കേതിക ശാഖകളിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ കൂടുതൽ TBIC കൾ തുടങ്ങുവാൻ പദ്ധതിയുണ്ട്. ടെക്നോപാർക്ക് TBIC ആയിരിക്കും ഈ സോൺ വികസിപ്പിക്കുക. ഇതുകൂടാതെ എഞ്ചിനീയറിംഗ് കോളേജ് പോലെയുള്ള മറ്റ് സാങ്കേതിക സ്ഥാപനങ്ങളിലേയ്ക്കും സ്റ്റാർട്ടപ്പ് വില്ലേജ് എന്ന TBIC വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ